## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 72

04.02.2013 ലെ മറുപടിയ്ക്ക്

### ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. കെ. രാധാകൃഷ്ണൻ :** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും മറ്റ് സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകളിലും നിലവിലുള്ള നിയമന രീതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെയും അതിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലെയും നിലവിലുള്ള ചട്ടങ്ങൾ പ്രകാരം 6500/ രൂപ അടിസ്ഥാന ശമ്പളം (പ്രീ റിവൈസ്ഡ്) തുടങ്ങുന്ന തസ്തികകളിലെയും അതിൽ താഴ്ന്ന ശമ്പള സ്കെയിലുകളിലുമുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും, മറ്റ് ഉയർന്ന തസ്തികകളിലെ നിയമനങ്ങൾ പത്ര പരസ്യം നൽകിയുമാണ് നടത്തുന്നത്. |
| (ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നത് സംവരണ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണോ എന്ന് വിശദമാക്കുമോ ; | (ബി) സംവരണ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നത്. |
| (സി) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് അടിസ്ഥാനമായ ചട്ടങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ ? | (സി) പ്രസക്ത ഭാഗത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**